بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# *Khuthba Summary* 14.03.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*14.03.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

# അല്ലാഹു ആരാണെന്നുള്ള തിരിച്ചറിവാണ് പാപമുക്തിയ്ക്ക് നിദാനം

തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു ത ആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

കുറച്ചു ജുമുകൾക്കു മുമ്പേ ഇതേ കർമപരമായ പരിഷ്കരണത്തിന്റെ മാർഗങ്ങളെ സംബന്ധിച്ച് ഞാൻ ചില ഖുത്ബകൾ നടത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിനെ ഏതു രീതിയിലാണ് നമ്മുടെ മുമ്പിൽ സമർപിക്കുന്നത് എന്നതിനെക്കുറിച്ചും പറഞ്ഞിരുന്നു. അല്ലാഹുവിനെക്കുറിച്ചു അറിയാനും അല്ലാഹുവിനെ സ്നേഹിക്കാനുമുള്ള മാർഗമെന്താണെന്നും വിശദീകരിച്ചിരുന്നു. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) എങ്ങനെയാണ് നമുക്ക് വഴി കാട്ടിയത്? ഇപ്രകാരം തന്നെ അല്ലാഹു അറിയിച്ച പുതിയ കാര്യങ്ങളും ആ മഹാത്മാവിന് അനുകൂലമായി കാണിച്ച ദിവ്യദൃഷ്ടാന്തങ്ങളും ദിവ്യാടയാളങ്ങളും അതെത്ര മാത്രം പ്രൗഢിയോടെയാണ് പുലർന്നത്? തുടങ്ങി എല്ലാ കാര്യങ്ങളും, നമ്മുടെ വിശ്വാസവും നമ്മുടെ കർമങ്ങളും അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ കരസ്ഥമാക്കാൻ നാം ശ്രമിക്കേണ്ടതാണ്.

ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ എഴുത്തുകളുടേയും നിർദേശങ്ങളുടേയും ചില മാതൃകകൾ ഇന്നു ഞാൻ പറയുന്നതാണ്. ഇതിൽ അല്ലാഹുവിനെ കുറിച്ച് അറിയാനുള്ള മാർഗങ്ങൾ ആ മഹാത്മാവ് പറഞ്ഞു തന്നിട്ടുണ്ട്. ഇതു സംബന്ധമായി വന്നിട്ടുള്ള എഴുത്തുകൾ മാത്രം എടുത്തുദ്ധരിക്കുകയാണെങ്കിൽ നിരവധി പേജുകൾ അല്ല, ആഴത്തിൽ ഇറങ്ങിച്ചെന്ന് നോക്കിയാൽ നൂറുക്കണക്കിന് പേജുകൾ നമുക്ക് ലഭിക്കും. എങ്കിലും ഞാൻ പറഞ്ഞതുപോലെ മാതൃകയെന്നോണം ദൈവത്തെ കുറിച്ചുള്ള തിരിച്ചറിവ് എന്താണ്? എന്നതിലേക്ക് വഴികാട്ടുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണങ്ങൾ ഇന്ന് നിങ്ങളെ കേൾപിക്കുന്നതാണ്. അല്ലാഹുവിലേക്ക് എത്തുന്നതിനുള്ള മാർഗത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:

"അല്ലാഹുവിൽ എത്തുന്നതിന് മനുഷ്യൻ രണ്ടു കാര്യങ്ങളുടെ ആശ്രിതനാണ്. ഒന്നു തിന്മയെ വർജിക്കുക. രണ്ട് സൽകർമങ്ങൾ സമ്പാദിക്കുക. തിന്മ മാത്രം ഉപേക്ഷിക്കുകയെന്നത് വലിയ സാമർഥ്യമൊന്നുമല്ല. മനുഷ്യനുണ്ടായ കാലം മുതൽ ഈ രണ്ടു കഴിവുകളും അവന്റെ ഉള്ളിലുണ്ടെന്നതാണ് യാഥാർഥ്യം. ഒരു ഭാഗത്ത് ഇന്ദ്രിയാശകൾ അവനെ പാപം ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് അവന്റെ പ്രകൃതിയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്ന അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ അഗ്നി ആ പാപത്തിന്റെ ചപ്പുചവറുകളെ, ഭൗതികാഗ്നി ഭൗതികമായ ചപ്പുചവറുകളെ കത്തിച്ചുകളയുന്നതുപോലെ കത്തിച്ചു കളയുന്നു. എന്നാൽ, പാപങ്ങളെ കരിച്ചുകളയുന്ന ഈ ആത്മീയാഗ്നിയുടെ ആളിക്കത്തൽ, അതായത് പാപങ്ങളെ കരിച്ചു കളയുന്നതിനുള്ള അതിന്റെ ശക്തമായ ജ്വലനം അല്ലാഹുവിനോടുള്ള സ്നേഹത്തിലാണ് നിലകൊള്ളുന്നത്. അല്ലാഹു ആരാണെന്നുള്ള തിരിച്ചറിവ് ഉണ്ടെങ്കിൽമാത്രമേ ഈ പാപങ്ങൾ കരിയുകയുള്ളു. അതുമായിട്ടാണ് ഇത് ബന്ധപ്പെട്ടു നില്ക്കുന്നത്. കാരണം ഓരോ വസ്തുവിനോടുമുള്ള സ്നേഹവും അനുരക്തിയും ആ വസ്തുക്കളെ തിരിച്ചറിയുന്നതുമായിട്ട് ബന്ധപ്പെട്ടു നില്ക്കുന്നു. ഒരു വസ്തുവിന്റെ സൗന്ദര്യവും അതിന്റെ ഗുണവും നിങ്ങൾക്കറിയില്ലെങ്കിൽ നിങ്ങൾക്ക് അതിനെ സ്നേഹിക്കാൻ കഴിയുകയില്ല. അതുകൊണ്ട് പ്രതാപവാനായ അല്ലാഹുവിന്റെ സവിശേഷ ഗുണത്തേയും സൗന്ദര്യത്തേയും മനോഹരമായ അവസ്ഥയേയും കുറിച്ചുള്ള അറിവാണ് അവനോടുള്ള സ്നേഹം ഉണ്ടാക്കുന്നത്. ആ സ്നേഹത്തിന്റെ അഗ്നിയാൽ പാപങ്ങൾ കത്തിച്ചാമ്പലാകുന്നു. എന്നാൽ, അല്ലാഹുവിന്റെ നടപടി ക്രമം എന്താണെന്നു പറഞ്ഞാൽ, സാധാരണ ജനങ്ങൾക്ക് അല്ലാഹു ആരാണെന്നുള്ള തിരിച്ചറിവ് ലഭിക്കുന്നത് നബിമാർ മുഖേനയാണ്. അവരുടെ പ്രകാശത്തിൽനിന്നാണ് സാധാരണക്കാർ വെളിച്ചം കരസ്ഥമാക്കുന്നത്. ആ നബിമാർക്ക് അല്ലാഹു നല്കിയിട്ടുള്ളത് എന്തൊക്കെയാണോ അതെല്ലാം സാധാരണക്കാർക്ക് ലഭിക്കുന്നത് അവരെ പിൻപറ്റുന്നതിലൂടെയാണ്.

പിന്നീട് അല്ലാഹുവിനെ തിരിച്ചറിയാനുള്ള അറിവ് (മഅ്രിഫത്ത്), പാപങ്ങളിൽ നിന്നുള്ള മോക്ഷം (നജാത്), നന്മ ചെയ്യാനുള്ള സൗഭാഗ്യം, പ്രാർഥനയുടെ നിലവാരം എന്നിവയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:

"അല്ലാഹുവിന്റെ അനുഗ്രഹവും കരുണയും കൊണ്ട് അവനെക്കുറിച്ചുള്ള തിരിച്ചറിവ് നേടാതെ, അവനിൽനിന്ന് ശക്തി ആർജിക്കാതെ ഒരു മനുഷ്യനും യഥാർഥമായ നിലയിൽ പാപങ്ങളിൽനിന്ന് മുക്തി നേടാനോ സത്യസന്ധമായ നിലയിൽ അവനെ സ്നേഹിക്കാനോ അവനെ ഭയപ്പെടേണ്ടുന്ന വിധം ഭയപ്പെടാനോ സാധ്യമല്ല.

ഭയവും സ്നേഹവും ഉണ്ടാകുന്നത് തിരിച്ചറിവിലൂടെയാണെന്നത് സുവ്യക്തമാണ്. മനുഷ്യമനസ്സിനുള്ളിൽ തിരിച്ചറിവ് ഉണ്ടായതിനുശേഷമാണ് ദുൻയാവിലെ എല്ലാ വസ്തുക്കളോടും അവന് സ്നേഹമോ ഭയമോ അകൽച്ചയോ ഒക്കെ ഉണ്ടാകുന്നത്. അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ ഒരിക്കലും അവനെ തിരിച്ചറിയാൻ കഴിയുകയില്ലെന്നത് വളരെ വ്യക്തമാണ്. അല്ലാഹുവിന്റെ അനുഗ്രഹം ഇല്ലാത്തിടത്തോളം ഒന്നും പ്രയോജനപ്പെടുകയുമില്ല. ദൈവാനുഗ്രഹം മുഖേനയാണ് തിരിച്ചറിവ് ഉണ്ടാകുന്നത്. "തങ്ങളും ദിവസവും പ്രാർഥിക്കുന്നവരാണെന്നും എല്ലാ നമസ്കാരവും പ്രാർഥന തന്നെയാണെന്നും വിചാരിച്ച് സമാധാനിക്കരുത്. എന്തെന്നാൽ, ദൈവജ്ഞാന സിദ്ധിയാലും അല്ലാഹുവിന്റെ അനുഗ്രഹത്താലും ലഭ്യമാകുന്ന പ്രാർഥന മറ്റൊരു നിറവും നിലയുമുള്ളതായിരിക്കും. അത് ലയിപ്പിക്കുന്ന വസ്തുവും കരിയ്ക്കുന്ന അഗ്നിയും ദൈവകാരുണ്യത്തെ വലിച്ചെടുക്കുന്ന കാന്തിക ശക്തിയുമാണ്. അതു മരണമാണ്, പക്ഷേ, അവസാനം ജീവൻ പ്രദാനം ചെയ്യും. അത് ഉഗ്രജലപ്രവാഹമാണ്. പക്ഷേ, അവസാനം കപ്പലായിത്തീരും. തകരാറിലായ കാര്യങ്ങളെല്ലാം അതു മുഖേന നേരെയാകുന്നു. അതുമുഖേന ഓരോ വിഷവും സിദ്ധൗഷധമായി പരിണമിക്കുന്നു."

അല്ലാഹുവിൽ വിശ്വസിക്കുന്നു എന്നു പറയുന്ന ധാരാള മാളുകൾ ഉണ്ട്. പക്ഷേ, പരിശോധിച്ചു നോക്കിയാൽ അറിയാൻ കഴിയും അവന്റെ ഉള്ളിൽ നിരീശ്വരത്വമാണുള്ളതെന്ന്. കാരണം ഭൗതിക ജോലികളിൽ മുഴുകുമ്പോൾ അല്ലാഹുവിന്റെ കോപവും അവന്റെ മഹത്ത്വവും തികച്ചും അക്കൂട്ടർ മറന്നുപോകുന്നു. എന്തുകൊണ്ടെന്നാൽ പ്രാർഥന മുഖേന അല്ലാഹുവിനെ തിരിച്ചറിയാനുള്ള അറിവ് അവനോടു തന്നെ തേടേണ്ടത് വളരെ നിർബന്ധമാണ്. ഇതു കൂടാതെ പൂർണമായ വിശ്വാസം ഒരിക്കലും ലഭിക്കുകയില്ല. അല്ലാഹുമായിട്ടുള്ള ബന്ധം വേർപെടുത്തുന്നത് ഒരു മരണമാണെന്ന് അറിയുമ്പോഴാണ് പൂർണവിശ്വാസം ലഭിക്കുന്നത്. പാപകർമങ്ങളിൽനിന്ന് രക്ഷപ്പെടാൻ പ്രാർഥിക്കുന്നതോടൊപ്പം അതു ലഭിക്കാനുള്ള മാർഗങ്ങൾ ഉപേക്ഷിച്ചു കളയാൻ പാടില്ല. പാപങ്ങൾക്ക് പ്രേരിപ്പിക്കുന്ന എല്ലാ സദസ്സുകളേയും സഭകളേയും ഉപേക്ഷിക്കുവിൻ. അതിനോടൊപ്പം പ്രാർഥനയിൽ മുഴുകുകയും ചെയ്യുവിൻ."

പാപങ്ങളിൽ നിന്നുള്ള മോചനം അല്ലാഹു ആരാണെന്ന് തിരിച്ചറിയാതെ സാധ്യമല്ല എന്ന വിഷയം ഹദ്റത്ത് മസീഹ് മൗഊദ് (അ)കൂടുതൽ വിശദീകരിക്കുന്നു:

"അല്ലാഹുവിനെ പൂർണമായ നിലയിൽ വിശ്വസിക്കുമ്പോഴാണ് പാപകർമങ്ങളിൽനിന്ന് രക്ഷപെടാനുള്ള സൗഭാഗ്യം ലഭിക്കുന്നതെന്ന കാര്യം ഓർത്തുകൊള്ളുക. പാപങ്ങളുടെ കൈയിൽ നിന്ന് മോക്ഷം പ്രാപിക്കുക എന്നതാണ് മനുഷ്യജീവിത്തിന്റെ യഥാർഥ ഉദ്ദേശ്യം. കാണാൻ നല്ല ചന്തമുള്ള പാമ്പിനെ കണ്ടിട്ട് കുട്ടി അതിനെ പിടിക്കാൻ ആഗ്രഹിക്കുന്നത് കാണാം. പിടിക്കുകയും ചെയ്യും. എന്നാൽ, ബുദ്ധിയുള്ളവനറിയാം, പാമ്പ് കൊത്തും, താൻ മരിക്കുമെന്ന്. അവനൊരിക്കലും അതിനടുത്തുപോകാൻ മുതിരുകയില്ല. ഏതെങ്കിലും വീട്ടിൽ പാമ്പ് കയറിയിട്ടുണ്ടെന്ന് അറിഞ്ഞാൽ നിങ്ങളും അതിൽ കടക്കുകയില്ല. അതുപോലെ തന്നെ വിഷം തിന്നാൽ മരിക്കുമെന്ന് അറിവുള്ളവൻ അത് തിന്നാൻ ധൈര്യപ്പെടുയുമില്ല. ഇതുപോലെ പാപം കൊടുംവിഷമാണെന്ന് ദൃഢവിശ്വാസം ഉണ്ടാകാത്തിടത്തോളം അതിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല. ആ ദൃഢവിശ്വാസമാണെങ്കിൽ, അല്ലാഹുവിനെ തിരിച്ചറിയാതെ ഉണ്ടാകുകയുമില്ല."

വേറൊരിടത്ത് പറയുന്നു: "മതത്തിന്റെ വേര് അല്ലാഹു ആരാണെന്നുള്ള തിരിച്ചറിവും അവന്റെ അനുഗ്രഹങ്ങൾ എന്താണെന്നുള്ള തിരിച്ചറിവുമാണ്. അതിന്റെ ശാഖകളാണ് സൽകർമങ്ങൾ. അതിന്റെ പൂവ് ഉന്നതമായ സ്വഭാവങ്ങളാണ്. അതിന്റെ കായ ആത്മീയാനുഗ്രഹങ്ങളും രക്ഷിതാവിലും അവന്റെ ദാസനിലും ഉണ്ടാകുന്ന അതിസൂക്ഷ്മമായ സ്നേഹവുമാണ്. ആ കായ്കളിൽനിന്ന് ഫലമെടുക്കുകയെന്നാൽ ആത്മീയമായ പരിശുദ്ധിയുടേയും പവിത്രതയുടേയും കായ്ക്കുന്ന ഫലം അനുഭവിക്കുക എന്നാണ്. സമ്പൂർണമായ സ്നേഹം സമ്പൂർണമായ തിരിച്ചറിവ് മുഖേനയാണുണ്ടാകുന്നത്. തിരിച്ചറിവിനനുസരിച്ച് അല്ലാഹുവിനോടുള്ള സ്നേഹം ശക്തമായി അലയടിച്ചുയരുന്നു."

വീണ്ടും പറയുന്നു: "അല്ലാഹു ഒരു മുത്താണ്. അവനാരാണെന്ന് തിരിച്ചറിഞ്ഞാൽ, മനുഷ്യൻ ഭൗതികവസ്തുക്കളെ നിന്ദ്യതയോടും പുച്ഛത്തോടും നോക്കിക്കാണുന്നതാണ്. അതിനെ നോക്കുന്നതിന് തന്നെയും അവന് തന്നോടു ബലം പ്രയോഗിക്കേണ്ടി വരികയും വെറുപ്പ് കാണിക്കേണ്ടിവരികയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു എങ്ങനെയുള്ളവനാണെന്ന് തിരിച്ചറിയാൻ ആഗ്രഹിക്കുക. അവനിലേക്ക് ചുവടു വെക്കുക. അതിലാണ് വിജയം."

വീണ്ടും പറയുന്നു: "ഞാൻ സത്യമായും സത്യമായും പറയുന്നു. അല്ലാഹുവിനോടുള്ള ഭയം. അല്ലാഹുവിലുള്ള വിശ്വാസം, ആരാധന, പരിശുദ്ധി തുടങ്ങിയവയെല്ലാം ആകാശത്തുനിന്നാണ് വരുന്നത്. ഇത് നിലകൊള്ളുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്തിലാണ്. അവൻ ഇച്ഛിച്ചാൽ അതിനെ നിലനിറുത്തും. അവൻ ഇച്ഛിച്ചാൽ അതിനെ അകറ്റിക്കളയുകയും ചെയ്യും. 'തന്റെ ആത്മാവ് പിടിച്ചെടുക്കപ്പെട്ടതും താൻ ഒരു വസ്തുവുമല്ല എന്ന് കരുതുകയും ചെയ്യുക' അതിന്റെ പേരാണ് ദൈവജ്ഞാനം അഥവാ അല്ലാഹു ആരാണെന്നുള്ള തിരിച്ചറിവ്. അല്ലാഹുവിന്റെ സവിധത്തിൽവീണ് വിനയത്തോടും എളിമയോടും കൂടി അനുഗ്രഹം തേടുക. ശരീരേച്ഛയെ കത്തിച്ചു ചാമ്പലാക്കുന്നതും ഉള്ളിൽ വെളിച്ചവും നന്മ ചെയ്യാനുള്ള ശക്തിയും ചൂടും ഉണ്ടാക്കുന്നതുമായ, അല്ലാഹു ആരാണെന്ന തിരിച്ചറിവിന്റെ പ്രകാശം അവനോടു യാചിക്കുക. അങ്ങനെ അവന്റെ അനുഗ്രഹത്തിൽനിന്ന് ഓഹരി കിട്ടിയാൽ ഏതെങ്കിലും നേരത്ത് ഏതെങ്കിലും തരത്തിലുള്ള സന്തോഷവും പൂർണ വിശ്വാസവും ലഭിച്ചുകഴിഞ്ഞാൽ

അഹങ്കരിക്കുകയോ പൊങ്ങച്ചം കാണിക്കുകയോ ചെയ്യരുത്. എന്നല്ല, എളിമയും വിനയവും കൂടുതൽ കാണിക്കേണ്ടതാണ്.കാരണം എത്രത്തോളം അവൻ താനൊന്നുമല്ലെന്ന് മനസ്സിലാക്കുന്നുവോ അത്രത്തോളം അവസ്ഥാവിശേഷങ്ങളും പ്രകാശവും അല്ലാഹുവിൽനിന്നിറങ്ങുന്നതാണ്. അത് അവന് വെളിച്ചവും ശക്തിയും പകരും. മനുഷ്യൻ ഇങ്ങനെ വിശ്വസിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ സ്വഭാവം നന്നായിത്തീരുന്നതാണ്. താൻ എന്തൊക്കെയോ ആണെന്ന് കരുതുന്നതും അഹങ്കാരമാണ്."

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആല ബിനസ്꞉രിഹിൽ അസീസ് പറയുന്നു: "ഈ ഉദ്ദേശ്യസാക്ഷാത്കാരത്തിന്നായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്നിട്ടുള്ളത്. അതായത് അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവ് നമ്മളിൽ ഉണ്ടാക്കാൻ. നമ്മൾ അല്ലാഹുവിനെ കാണുന്നു വെന്നപോലെ, നമ്മുടെ എല്ലാ പ്രവർത്തികളും അല്ലാഹുവിനോടുള്ള സ്നേഹവും ഭയവുമെല്ലാം മുമ്പിൽവച്ചുകൊണ്ട് അവനെ അന്വേഷിക്കുക. അങ്ങനെ സകല പാപങ്ങളും കരിച്ചുകളയുന്ന അല്ലാഹുവിനെക്കുറിച്ചുള്ള ആ തിരിച്ചറിവ് നമ്മളിൽ ഉണ്ടാകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വരവിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരായി നാം മാറട്ടെ. ആ എല്ലാ കാര്യങ്ങളും അനുസരിച്ച് പ്രവർത്തിക്കാനും ആ ചൈതന്യത്തെ മനസ്സിലാക്കാനുമുള്ള കഴിവ് അല്ലാഹു നമുക്ക് നല്കുമാറാകട്ടെ. ആമീൻ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London –on 14.03.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To